പതിമൂന്നാം കേരള നിയമസഭ

പതിനാലാം സമ്മേളനം

# ഐ.എ.വൈ പദ്ധതി

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.4039 — 21.07.2015 ൽ മറുപടിക്ക്

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.എസ്.ശർമ്മ<br>,, എ.എം. ആരിഫ്<br>ശ്രീമതി.കെ.കെ.ലതിക<br>ശ്രീ.കെ.കെ.നാരായണൻ | | ശ്രീ.കെ.സി.ജോസഫ്<br>(ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പമന്ത്രി) | |
| (എ) | സംസ്ഥാനത്ത് ഐ.എ.വൈ പദ്ധതി നടത്തിപ്പിനെ സംബന്ധിച്ച് അവലോകനം നടത്തിയിട്ടുണ്ടോ; | (എ) | ഉണ്ട്. ബ്ലോക്ക് പഞ്ചായത്ത് തലത്തിൽ ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിമാരും, ജില്ലാടിസ്ഥാനത്തിൽ ദാരിദ്ര്യ ലഘൂകരണ വിഭാഗം പ്രോജക്ട് ഡയറക്ടർമാരും, സംസ്ഥാനാടിസ്ഥാനത്തിൽ ഗ്രാമവികസന കമ്മീഷണറും ഇന്ദിര ആവാസ് യോജന പദ്ധതി അവലോകനം നടത്തുന്നുണ്ട്. |
| (ബി) | പദ്ധതി നടത്തിപ്പിനായുള്ള സംസ്ഥാന വിഹിതം കൃത്യമായി തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങൾക്ക് കൈമാറാൻ സാധിച്ചിട്ടുണ്ടോ എന്നറിയിക്കാമോ; | (ബി) | കേന്ദ്രവിഹിതത്തിന് ആനുപാതികമായി സംസ്ഥാന വിഹിതം കൃത്യമായി നൽകുന്നുണ്ട്. എന്നാൽ സംസ്ഥാനത്ത് യൂണിറ്റ് കോസ്റ്റ് വർദ്ധിപ്പിച്ചതുമൂലമുണ്ടായ അധിക ബാധ്യതയിൽ സർക്കാർ 2012-13 മുതൽ നൽകേണ്ട വിഹിതം നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |
| (സി) | പ്രസ്തുത പദ്ധതിയുടെ നടത്തിപ്പിനായി ഫണ്ട് കണ്ടെത്തുന്നതിന് എന്തെല്ലാം നടപടികളാണ് പ്രഖ്യാപിച്ചിരുന്നത്; അവ ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് അറിയിക്കാമോ? | (സി) | സംസ്ഥാന സർക്കാർ നൽകുന്ന അധിക ധനസഹായത്തിൽ കുടിശ്ശികയുള്ള തുക നൽകുന്നതിനായി ഹഡ്കോയിൽ നിന്നും 650/- കോടി രൂപ വായ്പയെടുക്കുന്നതിന് KURDFC-യെ ചുമതലപ്പെടുത്തിയിട്ടുണ്ട്. നടപടികൾ പുരോഗമിക്കുന്നു. |

സെക്ഷൻ ഓഫീസർ